published on 3.12.15

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 380

# 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 380

# 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ

1140/2015.

# 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ

പ്രവാസി ഭാരതീയരായ കേരളീയർക്കുവേണ്ടി സംസ്ഥാനത്തിനുള്ളിൽ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—പ്രവാസി ഭാരതീയരായ കേരളീയർക്കുവേണ്ടി സംസ്ഥാനത്തിനുള്ളിൽ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''ചെയർപേഴ്സൺ'' എന്നാൽ കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ബി) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "പരാതി" എന്നാൽ ഒരു പ്രവാസി ഭാരതീയരായ കേരളീയനിൽ നിന്നോ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ഒരാളിൽ നിന്നോ നേരിട്ടോ തപാൽ, ടെലഗ്രാം, ഫാക്സ്, ഇ-മെയിൽ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗത്താലോ, ഒരു പബ്ലിക് സെർവെന്റിനാലോ ഒരു സ്വകാര്യവ്യക്തിയാലോ ഉള്ള തർക്കങ്ങളോ ലംഘനങ്ങളോ ആരോപിച്ചുകൊണ്ട് കമ്മീഷന് ലഭിക്കുന്ന എല്ലാ പരാതികളും ആശയ വിനിമയങ്ങളും, അല്ലെങ്കിൽ ഏതിന്റെ അടിസ്ഥാനത്തിലാണോ കമ്മീഷൻ സ്വമേധയാ കൊഗ്നൈസൻസ് എടുക്കുന്നത് അങ്ങനെ നൽകപ്പെട്ടിട്ടുള്ള വസ്തുതകളും എന്നർത്ഥമാകുന്നു;

(ഡി) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സണും സെക്രട്ടറിയും ഉൾപ്പെടുന്നതുമാകുന്നു;

(ഇ) ''പ്രവാസി ഭാരതീയർ (കേരളീയർ)'' എന്നാൽ കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളതും എന്നാൽ,—

(i) ഭാരതത്തിനു പുറത്ത് ജോലി നോക്കുന്നതിനോ;

(ii) ഭാരതത്തിനു പുറത്ത് പഠനത്തിനോ, തൊഴിലിനോ, വ്യാപാര സംബന്ധമായ ആവശ്യത്തിനോ;

(iii) ഭാരതത്തിനു പുറത്ത് താമസിക്കുന്നതിനുള്ള അയാളുടെ ഉദ്ദേശ്യം സൂചിപ്പിക്കുന്ന അത്തരം സാഹചര്യങ്ങളിൽ, മറ്റേതെങ്കിലും ആവശ്യത്തിനോ ആയി നിശ്ചിതമല്ലാത്ത കാലയളവിലേക്ക്;

സ്ഥിരമായോ താല്കാലികമായോ ഭാരതത്തിനുപുറത്ത് താമസിക്കുന്ന ഒരു ഭാരത പൗരൻ എന്നർത്ഥമാകുന്നു;

(എഫ്) "കുടുംബം" എന്നാൽ,—

(1) ഭാര്യയും/ഭർത്താവും, ദത്തെടുത്ത കുട്ടികൾ ഉൾപ്പെടെ പ്രായപൂർത്തിയാകാത്ത മകനും അവിവാഹിതയോ അല്ലെങ്കിൽ വിധവയോ ആയ മകളും;

(2) അംഗത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛനും, അമ്മയും, അവിവാഹിതരായ സഹോദരിമാരും, പ്രായപൂർത്തിയാകാത്ത സഹോദരൻമാരും, അങ്ങനെയുള്ള ആശ്രിതരുടെ അഭാവത്തിൽ, പ്രായപൂർത്തിയായ മകനും വിവാഹിതയായ മകളും എന്നർത്ഥമാകുന്നു;

(ജി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) "റഗുലേഷൻസ്" എന്നാൽ ഈ ആക്റ്റിലെ 7-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ ഉണ്ടാക്കുന്ന റഗുലേഷൻസ് എന്നർത്ഥമാകുന്നു.

3. കമ്മീഷന്റെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, കഴിയുന്നത്രവേഗം, ഗസറ്റ് വിജ്ഞാപനം വഴി, "പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ" എന്നറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റിൻ കീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) കേരള ഹൈക്കോടതിയിൽ നിന്നും ജഡ്ജിയുടെ പദവിയിൽ വിരമിച്ച ഒരാൾ, അദ്ദേഹം കമ്മീഷന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ii) പ്രവാസി ഭാരതീയരെ സംബന്ധിച്ച വിഷയങ്ങളിൽ അറിവും പരിചയവുമുള്ള, പ്രിൻസിപ്പൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത കേരള കേഡറിൽ നിന്ന് വിരമിച്ച ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ;

(iii) രണ്ട് വർഷത്തിലധികം വിദേശത്ത് ഉണ്ടായിരുന്ന പ്രവാസി ഭാരതീയർ (കേരളീയർ) ആയ രണ്ടംഗങ്ങൾ;

(iv) സർക്കാർ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, അദ്ദേഹം കമ്മീഷന്റെ സെക്രട്ടറി ആയിരിക്കുന്നതും കമ്മീഷൻ അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുത്ത അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

4. അംഗങ്ങളുടെ ഉദ്യോഗകാലാവധിയും സേവനവ്യവസ്ഥകളും.—(1) എല്ലാ അംഗങ്ങൾക്കും അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്നു വർഷക്കാലം തൽസ്ഥാനത്ത് തുടരാവുന്നതും ഒന്നിൽ കൂടാത്ത തവണ പുനർനിയമനത്തിന് അർഹരായിരിക്കുന്നതുമാണ്.

(2) ഏതെങ്കിലും അംഗത്തിന്റെ മരണം, നീക്കം ചെയ്യൽ, രാജിവയ്ക്കൽ എന്നിവമൂലമുണ്ടാകുന്ന ആകസ്മിക ഒഴിവുകൾ പുതിയ നാമനിർദ്ദേശം മുഖേന നികത്തേണ്ടതാണ്:

എന്നാൽ, അങ്ങനെ നിയമിക്കപ്പെട്ട വ്യക്തി, ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത്, അയാളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് മാത്രം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതാണ്.

(3) കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സെക്രട്ടറി ഒഴികെയുള്ള അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള ബത്തകളോ സിറ്റിംഗ് ഫീസോ നൽകേണ്ടതാണ്.

5. കമ്മീഷനിലെ ജീവനക്കാർ.—(1) കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും, സർക്കാർ, കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

(2) ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റു നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

6. കമ്മീഷന്റെ ആസ്ഥാനം.—കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

7. കമ്മീഷന്റെ യോഗങ്ങൾ.—(1) ചെയർപേഴ്സന് യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള സമയത്ത്, സാധാരണയായി തിരുവനന്തപുരത്ത്, കമ്മീഷൻ യോഗം ചേരേണ്ടതാണ്. ആവശ്യമെങ്കിൽ സംസ്ഥാനത്തിനകത്തുള്ള മറ്റേതെങ്കിലും സ്ഥലത്തും അതിന്റെ യോഗങ്ങൾ ചേരാവുന്നതാണ്.

(2) കമ്മീഷന്റെ യോഗത്തിൽ ചെയർപേഴ്സൻ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗം യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) കമ്മീഷന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള ക്വാറം മൂന്ന് ആയിരിക്കേണ്ടതാണ്.

(4) കമ്മീഷൻ, കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(5) കമ്മീഷന്റെ ഒരു യോഗത്തിലെ എല്ലാ സംഗതിയും യോഗത്തിൽ ഹാജരാകുകയും വോട്ട് ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷം വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും തുല്യവോട്ടുകളുടെ സംഗതിയിൽ ചെയർപേഴ്സൺ അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(6) കമ്മീഷൻ, അതിന് മുമ്പാകെയുള്ള ഏതെങ്കിലും കാര്യനിർവ്വഹണത്തിന്റെ ആവശ്യത്തിലേക്കായി അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വിഷയം പരിഗണിക്കുന്നതിനായി, വിഷയത്തിൽ പ്രത്യേക പരിജ്ഞാനമുള്ള വ്യക്തികളെ, ക്ഷണിക്കാവുന്നതും എന്നാൽ അങ്ങനെയുള്ള വ്യക്തിക്ക് വോട്ട് ചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

(7) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർപേഴ്സന്റെയോ അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന മറ്റേതെങ്കിലും അംഗത്തിന്റെയോ കയ്യൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതാണ്. കമ്മീഷൻ നിർവ്വഹണം നടത്തുന്ന മറ്റ് പ്രമാണങ്ങൾ സെക്രട്ടറിയുടെ കൈയ്യൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതാണ്.

(8) കമ്മീഷൻ, സർക്കാറിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതിന്റെ നടപടിക്രമങ്ങൾ ക്രമീകരിക്കുന്നതിനും അതിന്റെ പ്രവൃത്തികളുടെ നടത്തിപ്പിനുമുള്ള റഗുലേഷനുകൾ ഉണ്ടാക്കേണ്ടതും അത്തരം റഗുലേഷനുകൾ അവ ഉണ്ടാക്കിയതിന് ശേഷം ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

8. <u>കമ്മീഷനിൽ നിന്നും അംഗങ്ങളെ നീക്കം ചെയ്യുന്നത്</u>.—സർക്കാരിന്, ഉത്തരവുമൂലം, ചെയർപേഴ്സനെയോ മറ്റേതെങ്കിലും അംഗത്തെയോ അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനനായി വിധിക്കപ്പെടുകയോ അല്ലെങ്കിൽ;

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ അല്ലെങ്കിൽ;

(സി) സ്ഥിരബുദ്ധി ഇല്ലാതായി തീരുകയും അധികാരിതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ;

(ഡി) കമ്മീഷന്റെ അനുമതികൂടാതെ കമ്മീഷന്റെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ; അല്ലെങ്കിൽ;

(ഇ) തത്സ്ഥാനത്ത് തുടരുന്നത് പൊതുതാൽപ്പര്യത്തിന് ഹാനികരമാകത്തക്കവിധം തന്റെ ഔദ്യോഗികസ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സർക്കാരിന് ബോദ്ധ്യമാകുകയോ ചെയ്യുന്നപക്ഷം,

നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഖണ്ഡപ്രകാരം ഏതൊരാളിനേയും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

9. കമ്മീഷന്റെ ചുമതലകൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പ്രവാസി ഭാരതീയരായ കേരളീയരുടെ ക്ഷേമത്തിനായി സഹായിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും പരിപോഷിപ്പിക്കുന്നതും അതത് സമയം സർക്കാർ എല്പിച്ചു കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(2) കമ്മീഷൻ അതിന്റെ ലക്ഷ്യപ്രാപ്തിക്കായി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) പ്രവാസി ഭാരതീയരായ കേരളീയരെയും അവരുടെ കുടുംബത്തെയും അവരുടെ അവകാശങ്ങളിൽ, പ്രത്യേകിച്ച്, കേരള സംസ്ഥാനത്തെ സ്വത്തുക്കളെയും ജീവനെയും സംബന്ധിക്കുന്ന തർക്കങ്ങളിൽ സഹായിക്കുക;

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുക;

(സി) പ്രവാസി ഭാരതീയരായ കേരളീയരുടെ കേരളത്തിലുള്ള എല്ലാത്തരം നിക്ഷേപങ്ങളും സംരക്ഷിക്കുവാൻ സഹായിക്കുക;

(ഡി) പ്രവാസി ഭാരതീയരായ കേരളീയരുടെയും കേരളത്തിൽ താമസിക്കുന്ന അവരുടെ ഭാര്യയ്ക്കും അല്ലെങ്കിൽ ഭർത്താവിനും മാതാപിതാക്കൾക്കും സാമൂഹ്യജീവിതത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി സാമൂഹ്യ സേവന സംഘടനകളെ സൗകര്യപ്പെടുത്തുക;

(ഇ) പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള നീതിയുക്തമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും ആയതിൻമേൽ എടുക്കേണ്ട നടപടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടോ ഏജൻസികളോടോ ശിപാർശ ചെയ്യുക;

(എഫ്) ഭാരത ഭരണഘടനയിലെ സമത്വാവകാശത്തെയും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള ന്യായമായ പെരുമാറ്റത്തെയും ബാധിക്കുന്ന നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതകളും പോരായ്മകളും അത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി എടുക്കേണ്ട പരിഹാര നിയമനിർമ്മാണ നടപടികളെയും കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക;

(ജി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവർത്തികളെ കുറിച്ച് അന്വേഷിക്കുന്നതിനും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ ഉറപ്പു വരുത്തുക.

10. <u>കമ്മീഷന്റെ അധികാരങ്ങൾ.</u>—(1) കമ്മീഷന് 9-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമ സംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചു വരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിൻമേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മീഷനുകളെ നിയോഗിക്കുന്നതിനും;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിക്കും.

(2) കമ്മീഷൻ മുൻപാകെയുള്ള ഏതൊരു നടപടിയും 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193 ഉം 228 വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽപ്പെടുന്ന ജുഡീഷ്യൽ നടപടിയായി കരുതേണ്ടതും, കമ്മീഷൻ, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 195-ാം വകുപ്പിന്റെ ഉദ്ദേശ്യത്തിലേക്കായി ഒരു കോടതിയായി കരുതപ്പെടേണ്ടതുമാണ്.

(3) 9-ാം വകുപ്പിൻ കീഴിൽ അന്വേഷണം നടത്തുമ്പോൾ, കമ്മീഷൻ എല്ലാ കക്ഷികൾക്കും സ്വമേധയായോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ അവരുടെ അഭിപ്രായം അവതരിപ്പിക്കുവാൻ അവസരം നൽകേണ്ടതാണ്.

(4) ഈ ആക്റ്റിൻ കീഴിൽ നടത്തിയ ഏതൊരു അന്വേഷണത്തിലേയും കമ്മീഷന്റെ തീരുമാനങ്ങൾ അതിന്റെ ശിപാർശയോടുകൂടി ഉചിതമായ നടപടിക്കോ അല്ലെങ്കിൽ തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക് പരിഹാരത്തിനായോ സർക്കാരിലേക്ക് നൽകേണ്ടതാണ്.

11. <u>ന്യായമല്ലാത്ത പ്രവർത്തികളിൻമേലുള്ള അന്വേഷണം</u>.—(1) കമ്മീഷൻ, പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള ഏതെങ്കിലും ന്യായമല്ലാത്ത പ്രവർത്തികളിൽ,—

(എ) ന്യായമല്ലാത്ത പ്രവർത്തികൾക്ക് വിധേയനായി എന്ന് ആരോപിച്ചുകൊണ്ട് രേഖാമൂലമുള്ള പരാതി ഏതെങ്കിലും പ്രവാസി ഭാരതീയരായ കേരളീയരിൽ നിന്നും ലഭിച്ചതിൻമേലോ; അല്ലെങ്കിൽ

(ബി) സ്വമേധയായുള്ള അറിവിൻമേലോ വിവരത്തിൻമേലോ; അല്ലെങ്കിൽ

(സി) സർക്കാരിൽ നിന്നുള്ള ആവശ്യത്തിൻമേലോ, അന്വേഷിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പരാതി ഉണ്ടായാൽ, കമ്മീഷൻ, എതിർകക്ഷിക്കെതിരെ ഏതെങ്കിലും നടപടി സ്വീകരിക്കുന്നതിന് മുൻപായി, പ്രസ്തുത പരാതി അന്വേഷിക്കേണ്ടതുണ്ടോ എന്ന് സ്വയം ബോദ്ധ്യപ്പെടുന്ന ആവശ്യത്തിലേക്ക് ഉചിതമായ അങ്ങനെയുള്ള രീതിയിൽ, ഒരു പ്രാഥമിക അന്വേഷണം നടത്താവുന്നതാണ്.

(3) ആർക്കെതിരെയാണോ പരാതി ഉന്നയിക്കപ്പെട്ടത് അയാൾ ഹാജരാകുകയും കാരണം കാണിക്കുകയുമോ അല്ലെങ്കിൽ ആ ആവശ്യത്തിലേക്ക് കമ്മീഷൻ നിർദ്ദേശിച്ച ദിവസത്തിൽ ഹാജരാകുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം കമ്മീഷന് പരാതിയിൻമേൽ തുടർ അന്വേഷണം നടത്താവുന്നതും അതിനുമേൽ തീരുമാനം കൈക്കൊള്ളാവുന്നതും ആയതിൽ കമ്മീഷൻ ന്യായമല്ലാത്ത പ്രവർത്തികൾ കണ്ടെത്തുകയാണെങ്കിൽ അതിൻമേൽ നടപടികൾ സ്വീകരിക്കേണ്ടതിനോ അല്ലെങ്കിൽ ശിക്ഷണ നടപടികൾ ആരംഭിക്കുന്നതിനോ സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷന്റെ ശിപാർശ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനകം സർക്കാർ അതിൻമേൽ തീരുമാനം എടുക്കേണ്ടതും ആയത് കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

12. <u>അന്വേഷണത്തിനായി ചില ഉദ്യോഗസ്ഥരുടെയും അന്വേഷണ ഉദ്യോഗസ്ഥരുടെയും സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള കമ്മീഷന്റെ അധികാരം</u>.—കമ്മീഷൻ അതിന്റെ അധികാര പരിധിയിൽ വരുന്ന സംഗതിയിൻമേൽ അന്വേഷണ വിചാരണ അല്ലെങ്കിൽ അന്വേഷണം,—

(എ) നേരിട്ടോ; അല്ലെങ്കിൽ;

(ബി) കമ്മീഷൻ നിയമിച്ച അന്വേഷണ ഉദ്യോഗസ്ഥൻ മുഖേനയോ; അല്ലെങ്കിൽ;

(സി) സർക്കാർ വകുപ്പുകൾ അല്ലെങ്കിൽ ഏജൻസികൾ മുഖേനയോ;

നടത്താവുന്നതാണ്.

13. കമ്മീഷന്റെ ചെയർപേഴ്സൺ, അംഗങ്ങൾ, സെക്രട്ടറി, ഉദ്യോഗസ്ഥർ, മറ്റു ജീവനക്കാർ എന്നിവർ പബ്ലിക് സെർവെന്റുമാർ ആയിരിക്കുമെന്ന്.—കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും സെക്രട്ടറിയും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടുന്നതാണ്.

14. മറ്റു നിയമങ്ങളുടെ ബാധകമാക്കൽ തടയുന്നില്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് പുറമെയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

15. ഒഴിവുകൾ, മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.—കമ്മീഷന്റെ രൂപീകരണത്തിലുള്ള ന്യൂനതയോ അല്ലെങ്കിൽ കമ്മീഷനിൽ നിലനിൽക്കുന്ന ഒഴിവ് എന്ന കാരണത്താൽ മാത്രം കമ്മീഷന്റെ ഏതെങ്കിലും പ്രവൃത്തിയോ നടപടിക്രമമോ അസാധുവാകുന്നതല്ല.

16. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനോ, ചെയർപേഴ്സനോ, ഏതെങ്കിലും അംഗത്തിനോ, സെക്രട്ടറിക്കോ, ഏതെങ്കിലും ഉദ്യോഗസ്ഥനോ കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന കമ്മീഷനിലെ മറ്റേതെങ്കിലും ജീവനക്കാരനോ എതിരായി യാതൊരു അന്യായമോ വ്യവഹാരമോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

17. സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി നിയമസഭയിൽ ഇതിലേക്കായി നിയമംമൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം സർക്കാർ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുക സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ഗ്രാന്റായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷൻ ഈ ആക്റ്റിൻ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി യുക്തമെന്ന് അതിനു തോന്നുന്ന തുക ചെലവാക്കേണ്ടതും അപ്രകാരമുള്ള തുകകൾ (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഗ്രാന്റിൽ നിന്നും കൊടുക്കേണ്ടതായ ചെലവുകളായി പരിഗണിക്കേണ്ടതുമാണ്.

18. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത റിക്കാർഡുകളും സൂക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) അക്കൗണ്ടന്റ് ജനറൽ, കമ്മീഷന്റെ കണക്കുകൾ ആഡിറ്റ് ചെയ്യേണ്ടതും പ്രസ്തുത ആഡിറ്റിനായി ചെലവഴിക്കേണ്ടി വരുന്ന തുക കമ്മീഷൻ അക്കൗണ്ടന്റ് ജനറലിന് നൽകേണ്ടതുമാണ്.

(3) ഈ ആക്റ്റ് പ്രകാരം അക്കൗണ്ടന്റ് ജനറലും അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആളും കമ്മീഷന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട്, അക്കൗണ്ടന്റ് ജനറലിന് സർക്കാർ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള അതേ അവകാശങ്ങളും പ്രത്യേകാവകാശങ്ങളും അപ്രകാരമുള്ള ആഡിറ്റുമായി ബന്ധപ്പെട്ടും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച് ബുക്കുകളും കണക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റു പ്രമാണങ്ങളും കടലാസുകളും ഹാജരാക്കാൻ ആവശ്യപ്പെടാനും കമ്മീഷന്റെ ഏതൊരു ആഫീസും പരിശോധിക്കാനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) അക്കൗണ്ടന്റ് ജനറലോ അല്ലെങ്കിൽ ഈ ആവശ്യത്തിനുവേണ്ടി അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കമ്മീഷന്റെ കണക്കുകൾ, അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം സംസ്ഥാന സർക്കാരിന് വർഷംതോറും അയച്ചുകൊടുക്കേണ്ടതും സംസ്ഥാന സർക്കാർ ആഡിറ്റ് റിപ്പോർട്ട് അതു ലഭിച്ച് ആറുമാസത്തിനകമുള്ള കാലയളവിൽ സംസ്ഥാന നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

19. കമ്മീഷന്റെ വാർഷിക റിപ്പോർട്ട്.—(1) കമ്മീഷൻ ഓരോ സാമ്പത്തിക വർഷവും അവസാനിച്ചശേഷം കഴിയുന്നത്ര വേഗം അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള സമയത്തിലും ഓരോ സാമ്പത്തിക വർഷത്തിനും വേണ്ടി നിർണ്ണയിക്കപ്പെട്ട പ്രകാരം അതിന്റെ പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും പൂർണ്ണവിവരം ഉൾപ്പെട്ട വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിന് ലഭിച്ച് ആറുമാസത്തിനകം, ആയത് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

20. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസകാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

21. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന് ആവശ്യമെന്നോ ഉചിതമെന്നോ തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിമുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പ്രവാസി ഭാരതീയരായ കേരളീയർക്ക് അവരുടെ സ്വന്തം നാട്ടിൽ താമസിക്കാൻ കഴിയാത്തതുകൊണ്ട് അവരുടെ താൽപ്പര്യങ്ങളും വസ്തുവകകളും സംരക്ഷിക്കുന്നതിനും അവയുടെ സുരക്ഷിതത്വത്തിനും വലിയ പ്രയാസം അനുഭവിക്കേണ്ടിവരുന്നു. വിദേശത്തു ജോലി ചെയ്തു കൊണ്ട് നാട്ടിലുള്ള കുടുംബത്തെ സംരക്ഷിക്കേണ്ട പ്രത്യേക സാഹചര്യം നിലനിൽക്കുന്നതിനാൽ പ്രവാസി ഭാരതീയരായ കേരളീയർക്ക് നാട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ തുല്യപരിഗണന ലഭിക്കാറില്ല. ഈ സാഹചര്യത്തിലാണ് വ്യത്യസ്ത ആക്റ്റുകളുടെയും ചട്ടങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സേവനങ്ങൾ തുല്യപരിഗണനയോടെ പ്രവാസി ഭാരതീയരായ കേരളീയർക്ക് ഉറപ്പാക്കുന്നതിനും സംസ്ഥാനത്തിനുള്ളിൽ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ കമ്മീഷൻ ഉൾപ്പെടുന്ന സ്ഥാപിത സംവിധാനത്തിൽ ഒരു ചെയർപേഴ്സണും മറ്റ് അംഗങ്ങളും ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ഉൾപ്പെടുന്നു. ബില്ലിലെ 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡപ്രകാരം മേൽ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും വഹിക്കേണ്ടതാണെന്നും ആയത് ഒരു വർഷത്തേക്ക് ഏകദേശം 1,11,60,127 രൂപ ആകുന്നതാണെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡപ്രകാരം കമ്മീഷനിലെ അംഗങ്ങൾക്ക് കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി ബത്തകൾക്കും സിറ്റിംഗ് ഫീസിനും അർഹതയുണ്ടായിരിക്കുന്നതുമാണ്. ആയതിലേക്ക് കണക്കാക്കിയ തുക ഏകദേശം 50,000 രൂപയും ഓഫീസ് ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾക്ക് ഒരു വർഷത്തേക്ക് ഏകദേശം 1.5 ലക്ഷം രൂപയും ചെലവു വരുന്നതുമാകുന്നു. ആയതിൻപ്രകാരം ആകെ ഒരു വർഷത്തേക്ക് ആവർത്തക ചെലവായി ഏകദേശം 1,13,60,127 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഓഫീസ് സജ്ജീകരണത്തിനും വാഹനത്തിനും മറ്റ് ഓഫീസ് വസ്തുക്കളായ കമ്പ്യൂട്ടറുകളും അതുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും സജ്ജീകരണത്തിനായി ഏകദേശം 42 ലക്ഷം രൂപ അനാവർത്തക ചെലവായും പ്രതീക്ഷിക്കുന്നു.

ആവർത്തക ചെലവായി പ്രതിവർഷം ഏകദേശം 1,13,60,127 രൂപയും അനാവർത്തക ചെലവായി 42 ലക്ഷം രൂപയും ഉൾപ്പെടെ ആകെ ഏകദേശം 1,55,60,127 രൂപ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ഗസറ്റ് വിജ്ഞാപനപ്രകാരം 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പ്രാബല്യത്തിൽ വരുത്തുന്ന തീയതി നിശ്ചയിക്കുവാൻ ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

2. ഗസറ്റ് വിജ്ഞാപനംവഴി പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നപേരിൽ ഒരു കമ്മീഷൻ രൂപീകരിക്കുവാൻ സർക്കാരിന് അധികാരം നൽകുവാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ട് ഉദ്ദേശിക്കുന്നു.

3. കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അംഗങ്ങൾക്ക് നൽകേണ്ട ബത്തകളോ സിറ്റിംഗ് ഫീസോ നിർണ്ണയിക്കുന്നതിന് ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

4. കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റു നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കുവാൻ ബില്ലിലെ 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

5. കമ്മീഷന്റെ നടപടിക്രമങ്ങൾ ക്രമീകരിക്കുന്നതിനും അതിന്റെ പ്രവർത്തികളുടെ നടത്തിപ്പിനുമായി സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ റഗുലേഷനുകൾ ഉണ്ടാക്കുവാൻ ബില്ലിലെ 7-ാം ഖണ്ഡം (8)-ാം ഉപഖണ്ഡം കമ്മീഷന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

6. കമ്മീഷന്, 9-ാം ഖണ്ഡത്തിൻ കീഴിൽ നിർവ്വഹിക്കേണ്ട മറ്റേതെങ്കിലും ചുമതലകൾ നിർണ്ണയിക്കുവാൻ ബില്ലിലെ 10-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

7. കമ്മീഷന്റെ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനുള്ള ഫാറം നിർണ്ണയിക്കുന്നതിന് ബില്ലിലെ 18-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

8. കമ്മീഷന്റെ വാർഷിക റിപ്പോർട്ട്, അതിന്റെ മാതൃക, സമർപ്പിക്കേണ്ട സമയം എന്നിവ നിർണ്ണയിക്കുന്നതിന് ബില്ലിലെ 19-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

9. വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

10. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ നേരിടുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബില്ലിലെ 21-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകളോ വിജ്ഞാപനങ്ങളോ റഗുലേഷനുകളോ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങളെയോ വിശദാംശങ്ങളെയോ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

കെ. സി. ജോസഫ്.